## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 19 | 2019 |



### ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com

# ആരോഗ്യപൂർണം ഈ മണ്ഡലകാലം

*ചികിൽസതേടിയെത്തിയത് ര      കാൽ ലക്ഷത്തിലധികം തീർഥാടകർ
* ആറ് ആശുപത്രികൾ, 15 എമർജൻസി മെഡിക്കൽ സെന്ററുകൾ

ഈ തീർഥാടന കാലയളവിൽ നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള സംസ്ഥാന ആരോഗ്യവകുപ്പിന്റെ ആറ് ആശുപത്രികളിൽ ചികിൽസ തേടി യെത്തിയത് ര  ുലക്ഷത്തി ഇരുപത്തി അയ്യായിരത്തിലധികം പേർ. ഇതിൽ അതി ഗുരുതരമായ ആരോഗ്യപ്രശ്നവുമായി എത്തിച്ച ആറുപേരെ ജീവിത ത്തിലേക്ക് തിരികെ കൊ  ുവരാൻ കഴിഞ്ഞതായും ആരോഗ്യവകുപ്പ് സന്നി ധാനം നോഡൽ ഓഫീസർ ഡോ. സുരേഷ്ബാബു പറഞ്ഞു. നിലയ്ക്കൽ, പ മ്പ, നീലിമല, അപ്പാച്ചിമേട്, ചരൽമേട്, സന്നിധാനം എന്നിവിടങ്ങളിൽ അ ത്യാധുനിക സംവിധാനങ്ങളോട് കൂടിയ ആശുപത്രികൾ പ്രവർത്തിച്ചത് കൂ ടാതെ വിവിധയിടങ്ങളിലായി 15 എമർജൻസി സെന്ററുകളും പ്രവർത്തിച്ചു.

ഹൃദയാഘാതവുമായി 171പേർ ചികിൽസ തേടിയെത്തിയപ്പോൾ ഹൃദയ സംബന്ധമായ അസുഖങ്ങളുമായി 2034പേർ ചികിൽസ തേടി. പാമ്പുകടിയേ റ്റ് ചികിൽസക്കെത്തിയ ആറുപേർക്കും മികച്ച ചികിൽസ നൽകി അപകടം ഒഴിവാക്കി. ചിക്കൻപോക്സ് ഉൾപ്പടെയുള്ള പകർച്ചവ്യാധികൾ ഇത്തവണ

വളരെ കുറവായിരുന്നു. പത്തോളം പേരാണ് ഇത്തരത്തിൽ ചികിൽസ തേടിയെത്തിയതെന്നും ഡോ. സുരേഷ്ബാബു പറഞ്ഞു.

ഒരേസമയം 35 ഡോക്ടർമാരുടെ സേവനമാണ് ആരോഗ്യവകുപ്പ് നൽകിയത്. കൂടാതെ അനുബന്ധ ജീവനക്കാരുടെ സേവനവും ആംബുലൻസ്, മരുന്നുകൾ എന്നിവയും പൂർണ്ണമായ രീതിയിൽ സജ്ജമാക്കിയിരുന്നു.

(പി.ആർ. ശബരി-495)

# മണ്ഡല-മകരവിളക്ക്; കെ.എസ്.ആർ.ടി.സി സർവീസുകൾ സൂപ്പർ ഹിറ്റ്

*ഓൺലൈൻ റിസർവേഷൻ, ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇലക്ട്രിക് ബസുകൾ നിലയ്ക്കൽ-പമ്പാ റൂട്ടിൽ, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് വഴി ടിക്കറ്റുകൾ

ഈവർഷത്തെ മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി നടത്തിയ സർവീസുകൾ വൻ വിജയമായതായി കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ ഓഫീസർ ജി. അനിൽകുമാർ പറഞ്ഞു. ഇത്തവണ നിരവധി പുതിയ പരീക്ഷണങ്ങളുമായാണ് കെ.എസ്.ആർ.ടി.സി സർവീസ് തുടങ്ങിയത്. അതെല്ലാം പൂർണമായും വിജയത്തിലെത്തിയതായും അദ്ദേഹം പറഞ്ഞു. നിലയ്ക്കൽ-പമ്പാ റൂട്ടിൽ വെർചൽ ക്യൂവുമായി സഹകരിച്ച് ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയത് സംസ്ഥാനത്തികത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് ഭക്തർക്ക് ഏറെ ഗുണകരമായി. അതോടൊപ്പം ക്യൂ.ആർ കോഡ് സംവിധാനമുള്ള അത്യാധുനിക ടിക്കറ്റ് സംവിധാനം, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ വഴി തത്സമയം ടിക്കറ്റെടുക്കാൻ കഴിയുന്ന കിയോസ്ക്കുകൾ എന്നിവയും തീർഥാടകർക്ക് പ്രയോജനകരമായി.

ഒരുബസിൽ ഒരു ക  ക്ടർ എന്നതിന് പകരം ബസ്റ്റാന്റിൽ നിന്നുതന്നെ ടിക്കറ്റ് നൽകി സർവീസ് നടത്തുന്ന പുതിയ സംവിധാനവും നിലയ്ക്കൽ-പമ്പാ റൂട്ടിൽ നടപ്പാക്കിയിരുന്നു. കൂടാതെ ഇവിടെ മുടങ്ങാതെ ചെയിൻ സർവീസ് നടത്താനും കഴിഞ്ഞു.

ദക്ഷിണേന്ത്യയിൽ ആദ്യമായി പൂർണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക് ബസുകൾ നിലയ്ക്കൽ-പമ്പാ റൂട്ടിലിറങ്ങിയത് രാജ്യം മുഴുവൻ ശ്രദ്ധിക്കപ്പെടുക മാത്രമല്ല പൂങ്കാവനത്തിന്റെ പരിസ്ഥിതിയും അന്തരീക്ഷവും മലിനമാക്കുന്നത് ഒഴിവാക്കാനും സഹായകമായി. ശീതീകരിച്ച ലോ ഫ്ളോർ ബസുകൾ ഓടിച്ചതും അയ്യപ്പഭക്തർക്ക് ഏറെ തൃപ്തി നൽകിയതായും സ്പെഷ്യൽ ഓഫീസർ പറഞ്ഞു.

മണ്ഡല-മകരവിളക്ക് കാലത്തു  ായ ഭക്തജനത്തിരക്ക് കാര്യക്ഷമമായും ക്രിയാത്മകവുമായി കൈകാര്യം ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സിക്ക് സാധിച്ചുവെന്നും സുഗമമായ ഗതാഗത സംവിധാനം നിലനിർത്തുന്നതിൽ സംസ്ഥാന പോലീസ്സേന ഉൾപ്പടെയുള്ള വിവിധ സർക്കാർ-സർക്കാരിതര വകുപ്പുകളും സംഘടനകളും സഹകരിച്ചതായും കെ.എസ്.ആർ.ടി.സി സ്പെഷ്യൽ ഓഫീസർ പറഞ്ഞു.

(പി.ആർ. ശബരി-496)

# മണ്ഡല-മകരവിളക്ക്; പ്രകാശപൂരിതമാക്കി കെ.എസ്.ഇ.ബി

മണ്ഡല-മകരവിളക്ക് നാളുകളിൽ പമ്പ മുതൽ സന്നിധാനം വരെ തടസമില്ലാതെ വെളിച്ചമെത്തിച്ച് കെ.എസ്.ഇ.ബി പ്രശംസ നേടി. പ്രളയം നാശം വിതച്ചിടത്ത് ചുരുങ്ങിയ സമയത്തിനുള്ളിൽ എല്ലാം ക്രമീകരിക്കുകയെന്ന വെല്ലുവിളി ഏറ്റെടുക്കുക എന്നതായിരുന്നു ആദ്യ കടമ്പ. പമ്പ മുതൽ സന്നിധാനം വരെ വൈദ്യുതി നൽകുന്നതിനായി ഭൂമിക്കടിയിലൂടെ എ.ബി.സി സംവിധാനം സജ്ജമാക്കി. അതിന് ഫലമു  ായി; 24 മണിക്കൂറും തെളിഞ്ഞ വെളിച്ചം.

പമ്പയിൽ തുടങ്ങി പരമ്പരാഗത കാനനപാത, സ്വാമി അയ്യപ്പൻ റോഡ്, സന്നിധാനം എന്നിവിടങ്ങളിലായി 1560 എൽ.ഇ.ഡി ലൈറ്റുകൾ പുതുതായി സ്ഥാപിച്ചു. ഇതോടെ വൈദ്യുതിയുടെ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ സാധിച്ചു. മകരവിളക്ക് സമയത്ത് തീർഥാടകർ കൂടിയിരിക്കുന്ന പ്രദേശങ്ങളിലെല്ലാം താൽക്കാലികമായി 540 ട്യൂബ് ലൈറ്റുകളും 70 സോഡിയം വേപ്പർ ലാമ്പുകളും കൂടി സ്ഥാപിച്ചു. അയ്യപ്പന്മാർക്ക് ഇത് വലിയൊരു അനുഗ്രഹമായി. ഒരേസമയം 24 ജീവനക്കാരും പത്തിലധികം കരാർ ജീവനക്കാരും 24 മണിക്കൂറും പ്രവർത്തിച്ചതിലൂടെയാണ് കെ.എസ്.ഇ.ബി ഇത് സാധ്യമാക്കിയത്.

(പി.ആർ. ശബരി-497)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.